LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 12, വ്യാഴം

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 1985 സെപ്റ്റംബർ 12-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

ഭക്ഷ്യധാന്യ ഗോഡൗണുകൾ

*110. [152] ശ്രീ. സി. കെ. ചക്രപാണി :

" പി. വി. കുഞ്ഞിക്കണ്ണൻ :

" വർക്കല രാധാകൃഷ്ണൻ :

" കോടിയേരി ബാലകൃഷ്ണൻ :

" ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭക്ഷ്യധാന്യഗോഡൗണുകൾ നിർമ്മിക്കാനുള്ള തീരുമാനം കേന്ദ്ര ഭക്ഷ്യവകുപ്പ് വേണ്ടെന്നു വച്ചതായി അറിയുന്നത് ശരിയാണോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഗോഡൗണുകൾ പണിയുന്നതിനായിരുന്നു നിശ്ചയിച്ചിരുന്നത് ;

(ഡി) സ്ഥലമെടുപ്പ് എവിടെയെല്ലാം നടത്തി;

(ഇ) മൊത്തം എത്ര സംഭരണശേഷിയാണ് ഉദ്ദേശിച്ചിരുന്നത്;

(എഫ്) ഗോഡൗണുകൾ നിർമ്മാണം ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനോട് സംസ്ഥാന സർക്കാരിനുള്ള പ്രതികരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) കേന്ദ്രത്തിൽനിന്നും അറിയിച്ചതനുസരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സീനിയർ റീജിയണൽ മാനേജർ ഇത്തരം ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മഞ്ചേശ്വരം, നീലേശ്വരം, മുഴപ്പിലങ്ങാട്, പയ്യന്നൂർ, തിക്കോടി, നിലമ്പൂർ, പരപ്പനങ്ങാടി, ഒലവക്കോട്, ലക്കിടി, ചാലക്കുടി, മുളങ്കുന്നത്തുകാവ്, തൃപ്പൂണിത്തുറ, അങ്കമാലി, ചേർത്തല, തിരുവല്ല, ഏറ്റുമാനൂർ, കരുനാഗപ്പള്ളി, കഴക്കൂട്ടം, കൊച്ചുവേളി.

(ഡി) എങ്ങും നടത്തിയിട്ടില്ല.

(ഇ) 6.95 ലക്ഷം മെട്രിക് ടൺ.

(എഫ്) ഗോഡൗൺ നിർമ്മാണം നിർത്തിവയ്ക്കാൻ പാടില്ല എന്നതാണ് സർക്കാരിന്റെ നിലപാട്. നിർമ്മാണം നിർത്തി വയ്ക്കരുതെന്ന് ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. കെ. ചക്രപാണി : മന്ത്രി തന്നെ പറഞ്ഞു ഗോഡൗൺ നിർമ്മാണം നിർത്തിവയ്ക്കാൻ കേന്ദ്രഗവൺമെന്റിൽനിന്നും ഇവിടെ അറിയിച്ചിട്ടുണ്ടെന്ന്. ഇതിനെ സംബന്ധിച്ച് പാർലമെന്റിലും വകുപ്പുമന്ത്രി ഗോഡൗൺ പണിയേണ്ടതില്ലാ എന്നുള്ള രീതിയിൽ ആണ് അറിയിച്ചത്. പരപ്പനങ്ങാടിയിൽ ഇതു സംബന്ധിച്ച് ഒരു തർക്കമുണ്ടായി. പരപ്പനങ്ങാടിയിൽ സ്ഥാപിക്കണോ അതോ വേറെ വല്ല സ്ഥലത്തും സ്ഥാപിക്കണോ എന്നതിനെ സംബന്ധിച്ച് ഭരണകക്ഷിക്കാരും മന്ത്രിയുടെ പാർട്ടിക്കാരും തമ്മിലാണ് തർക്കം. ഇത് സംബന്ധിച്ച് മന്ത്രി പാർലമെന്റിൽ ഗോഡൗൺ പണിയേണ്ടതില്ലെന്ന് തീരുമാനിച്ചതിനെത്തുടർന്നാണോ ഈ 19 കേന്ദ്രങ്ങളിലും പണി നിർത്തിവയ്ക്കാൻ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടത് ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപ്രകാരം, പരപ്പനങ്ങാടിയിൽ ഭരണകക്ഷിയും എന്റെ കക്ഷിയും തമ്മിലുള്ള തർക്കമല്ല കാരണം, മെമ്പറുടെ കക്ഷിയാണ് അതിന് പ്രാമുഖ്യം നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ഈ 19 കേന്ദ്രങ്ങളിലൂടെയുമുള്ള നമ്മുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ സ്തംഭിച്ചിട്ടുള്ളത്.

ശ്രീ. സി. കെ. ചക്രപാണി : ഇതു വളരെ വിചിത്രമായിരിക്കുന്നു. ശ്രീ. അവുക്കാദർകുട്ടിനഹയുടെ മണ്ഡലത്തിൽ വേണമോ അതോ വേറെ മണ്ഡല

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽവേണമോ എന്നത് അവിടെ അങ്ങാടിപ്പാട്ടാണ്. ഞാൻ ആ തർക്കത്തിലേക്ക് കടക്കുന്നില്ല. പക്ഷേ നിങ്ങൾ തമ്മിലുള്ള തർക്കം കാരണം ഏകദേശം 5000 പേർക്ക് ജോലി കിട്ടാവുന്ന അവസരം നിഷേധിച്ചിരിക്കുകയാണ് എന്നുള്ളതിനെ സംബന്ധിച്ച് മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : എനിക്ക് പറയാനുള്ളത്, ഞാൻ കഴിഞ്ഞയാഴ്ച ഡൽഹിയിൽ പോയപ്പോൾ കേന്ദ്ര ഭക്ഷ്യവകുപ്പ് മന്ത്രിയോട് പറഞ്ഞിട്ടുണ്ട്. അപ്പോൾ ഭക്ഷ്യവകുപ്പുമന്ത്രിയും എഫ്. സി. ഐ. ചെയർമാനും പറഞ്ഞു 18 സ്ഥലങ്ങളിലും പണിനിർത്താൻ പറഞ്ഞിട്ടില്ല, ഞങ്ങൾക്ക് ചില പരിപാടികൾ ഉണ്ട് എന്ന്. അവർ പറയുന്നത് ചില സാങ്കേതിക കാര്യങ്ങളാണ്. ഇപ്പോഴത്തെ പ്രധാന പ്രശ്നം പരപ്പനങ്ങാടിയിലേതുതന്നെ. പ്രശ്നം ഏതായാലും നമുക്ക് ഭക്ഷ്യശേഖരണ കമ്മി ഉള്ളതുകൊണ്ട് കൂടുതൽ സ്ഥലങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ളതെല്ലാംതന്നെ നടത്തണം എന്നുള്ള അഭിപ്രായം ഈ ഗവൺമെന്റ് കേന്ദ്രമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഇതിനെല്ലാം കാരണം പരപ്പനങ്ങാടിയിലെ പ്രശ്നമാണെന്നാണ് മന്ത്രി ഇവിടെ ഉത്തരം പറഞ്ഞത്. ഏതെങ്കിലും ഒരു കക്ഷിക്കാർ കുഴപ്പം കാണിച്ചതുകൊണ്ട് ഭക്ഷ്യശേഖരണവും ഗോഡൗണുമൊക്കെ വേണ്ടെന്നു വയ്ക്കുന്ന അത്ര വില കുറഞ്ഞ ഒന്നാണ് കേന്ദ്ര ഗവൺമെന്റ് എന്നാണോ ഇതിൽനിന്നും ഞങ്ങൾ മനസ്സിലാക്കേണ്ടത്. അത്ര വിലകുറഞ്ഞ ഏർപ്പാടാണോ ഈ കേന്ദ്രഭരണം. ഏതെങ്കിലും ഒരു കക്ഷി സ്ഥലമെടുപ്പിനെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചാൽ അത് വേണ്ടെന്നു വയ്ക്കാൻ തക്ക വിഡ്ഢികളാണ് കേന്ദ്രഗവൺമെന്റ് എന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്.

ശ്രീ. യു. എ. ബീരാൻ :- ബഹുമാനപ്പെട്ട മെമ്പറുടെ കക്ഷിയിൽപ്പെട്ട ചിലർ തന്നെ ഇതൊരു ആക്ഷേപമായി എടുക്കുകയും, എം. പി. മാർ നിവേദനം നടത്തുകയും ചെയ്തതായി എനിക്ക് അറിയാൻ കഴിഞ്ഞു. ഏതായാലും ഭക്ഷ്യവകുപ്പു മന്ത്രിയും എഫ്. സി. ഐ. ചെയർമാനുമായി ഡൽഹിയിൽ ഇതിനെപ്പറ്റി കഴിഞ്ഞയാഴ്ച ഞാൻ സംസാരിച്ചപ്പോൾ അവർ പറഞ്ഞ വിശദീകരണം ഇതല്ല. അവർ പറഞ്ഞത്, സാങ്കേതിക കാരണങ്ങളാണ്. അതായത് ഓരോ സംസ്ഥാനത്തും രണ്ടു മാസത്തെ ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ചെയ്യാനുള്ള ഭക്ഷ്യശേഖരണത്തിന്റെ ശക്തി ഉണ്ടാക്കുകയെന്നുള്ളതാണ് പ്രഥമലക്ഷ്യം. ഇപ്പോൾ തന്നെ കേരളത്തിൽ നാല് ലക്ഷത്തിൽ കൂടുതൽ ടൺ സ്റ്റോക്ക് ചെയ്യുന്നതിനുള്ള കപ്പാസിറ്റിയുണ്ട്. കുറേക്കൂടി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അത് ഞങ്ങൾ ഫെയിസ്ഡ് പ്രോഗ്രാം ആയി എടുത്തുകൊള്ളാം എന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ ഞാൻ ഇതിനെപ്പറ്റി സംസാരിക്കുകയും അവർക്ക് എഴുതിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. തർക്കമുള്ള സ്ഥലങ്ങളിൽ അതു ഒഴിവാക്കിയിട്ട്, പ്രത്യേകിച്ച് ലാൻഡ് അക്വിസിഷൻ നടപടികൾ ഉള്ള സ്ഥലങ്ങളിൽ അത് നിർത്തിവയ്ക്കരുത് എന്നുള്ള അഭിപ്രായം സംസ്ഥാന ഗവൺമെന്റ് എഴുതികൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ആദ്യം കക്ഷിയാണ് ഇതിനുത്തരവാദിയെന്നു പറഞ്ഞു. വിശദീകരിച്ചപ്പോൾ കക്ഷിയല്ല, പോളിസിയാണെന്ന് മനസ്സിലായി. യഥാർത്ഥത്തിൽ ഭക്ഷ്യശേഖരണമെന്ന നയത്തിൽ കേന്ദ്രഗവൺമെന്റ് വല്ല മാറ്റവും വരുത്തുന്നതിന്റെ അടിസ്ഥാനത്തിലാണോ ഈ ഗോഡൗൺ നിർമ്മാണം വേണ്ട എന്നു പറഞ്ഞത്. അങ്ങനെയാണെങ്കിൽ അതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ നയമെന്താണ് ?

ശ്രീ. യു. എ. ബീരാൻ : കേന്ദ്രഗവൺമെന്റിന്റെ നയമെന്താണെന്ന് എന്നോട് ചോദിച്ചാൽ എനിക്ക് പറയാൻ കഴിയുകയില്ല. ഞാൻ കേന്ദ്രഗവൺമെന്റിന്റെ ആളല്ല. അത് അവിടെപോയി ചോദിക്കണം. സംസ്ഥാനഗവൺമെന്റിന്റെ നയമാണ് ഞാൻ വിശദീകരിച്ചു കഴിഞ്ഞത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഭക്ഷ്യസംഭരണത്തിന് നമുക്കിപ്പോൾ എത്ര ത്തോളം ശേഷിയുണ്ട്. മൊത്തം ശേഷിയല്ല. എല്ലാ ഗോഡൗണുകളും പ്രവർത്തന ത്തിൽ വന്നാൽ അത് എത്രയായി വർദ്ധിക്കും. ഇതനുസരിച്ച് എത്ര കാലത്തേക്കുള്ള ഭക്ഷ്യധാന്യം വിതരണം ചെയ്യാൻ കഴിയും ?

ശ്രീ. യു. എ. ബീരാൻ : ഇപ്പോഴത്തെ നമ്മുടെ കേരള സംസ്ഥാനത്തിലെ ഗോഡൗൺ സ്റ്റോറേജ് കപ്പാസിറ്റി 4,76,402 മെട്രിക് ടൺ ആണ്. നിർത്തി വയ്ക്കപ്പെ ട്ടിരിക്കുന്ന 18 പുതിയ സ്ഥലങ്ങളിൽ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി അതുകൂടി പൂർത്തിയാകുമ്പോൾ 6.825 ലക്ഷം മെട്രിക് ടൺകൂടി വർദ്ധിപ്പി ക്കുവാൻ കഴിയും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഈ സ്റ്റോറേജിൽ ഭക്ഷ്യ ധാന്യങ്ങൾ ചീഞ്ഞു പോകാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സാധാരണ സ്വീകരിച്ചു വരുന്നത് ?

ശ്രീ. യു. എ. ബീരാൻ : ഭക്ഷ്യധാന്യശേഖരണ ഡിപ്പോകളിൽ അതിനു വേണ്ടിയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പരപ്പനങ്ങാടിയിൽ ഗോഡൗണിന്റെ കാര്യ ത്തിൽ മന്ത്രി ഇത്രമാത്രം പിടിവാശിപിടിച്ചത് ഉപമുഖ്യമന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹ യുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയും വ്യക്തിപരമായി നഹക്ക് താല്പര്യ മുള്ളവരുടെ ഭൂമി ഒഴിവാക്കിക്കൊടുക്കുന്നതിനുവേണ്ടിയും ആയിരുന്നോ ?

ശ്രീ. യു. എ. ബീരാൻ : പരപ്പനങ്ങാടിയിലെ കാര്യത്തെ സംബന്ധിച്ച് എനിക്ക് യാതൊരു തരത്തിലുമുള്ള പിടിവാശിയുമില്ല. 18 സ്ഥലങ്ങളിലും ഗോഡൗണുകൾ ഉണ്ടാകണമെന്നും കേരളത്തിന്റെ ഭക്ഷ്യധാന്യ സംഭരണ ശേഷി വർദ്ധിക്കണമെ ന്നുമുള്ള അത്മാർത്ഥമായ ആഗ്രഹമാണ് എനിക്കുള്ളത്. നഹാസാഹിബ്വിനെ രക്ഷിക്കണ മെന്നോ അദ്ദേഹത്തിന്റെ ആളുകളെ രക്ഷിക്കണമെന്നോ എനിക്കില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഭൂമി നഷ്ടപ്പെട്ടവർക്ക് ന്യായമായ നഷ്ട പരിഹാരം കിട്ടുന്നില്ലായെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ആ കാര്യം കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ പറയാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റു സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ : ഇത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ട കാര്യമല്ല. ഭൂമി അക്വയർ ചെയ്യേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. സംസ്ഥാന ഗവൺമെന്റിന്റെ റെവന്യൂവകുപ്പാണ്. അവരോടാണ് പറയേണ്ടത്. അവരോട് പറഞ്ഞിട്ടുണ്ട്.

തിരു. ജി. വരദൻ : കോടവുൺ ഉൺടാക്കുവതർകു 19 ഇടങ്കൾ തേർന്തെടുക്കപ്പട്ടുള്ളതാക മന്തിരി അവർകൾ സൊൻനാർകൾ. ഇതർകാക ഇടങ്കളൈ തേർന്തെടുപ്പതർകാന നിപന്തനൈകൾ എൻനവൈല്ലാം ?

ശ്രീ. യു. എ. ബീരാൻ : അതിന്റെ മാനദണ്ഡം ഞാനല്ല തീരുമാനിക്കേണ്ടത്. എഫ്. സി. ഐ. ആണ്. അതിൽ അവർക്ക് ചില മാനദണ്ഡങ്ങളുണ്ട്. റെയിൽവേ സ്റ്റേഷന്റെ സാമീപ്യം തുടങ്ങിയ പല കാര്യങ്ങളും കണക്കിലെടുത്തുകൊണ്ടാണ് അത് ചെയ്യുന്നത്.

തിരു. ജി. വരദൻ : മൂണാറിൽ ഒരു കോടവുൺ കട്ടുവതർകാക 10 ഏക്കർ ഇടം എടുത്തു വൈത്തിരുക്കിറോം. ഇന്ത 19 ഇടങ്കളിൽ മൂണാറൈ ഉട്പടുത്താതതു അങ്കുള്ള മക്കളോടു ഉള്ള വിരോതം കൊൺടാ അല്ലതു മന്തിരിക്കു വിവരം കിടൈക്കാതതിനാലാ?

ശ്രീ. യു. എ. ബീരാൻ : എനിക്ക് വിവരം അറിയാൻ പാടില്ലാത്തതൊന്നുമല്ല. 19 എണ്ണമേയുള്ളൂ. മൂന്നാർ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. തീരുമാനമെടുക്കേണ്ടത് എഫ്. സി. ഐ. ആണ്. മൂന്നാറിൽ ട്രെയിൻ സൗകര്യമില്ലാത്തതുകൊണ്ടായിരിക്കാം തല്ക്കാലം അത് തീരുമാനിക്കാത്തത്.

ശ്രീ. എം. വി. രാഘവൻ : ബഹുമാനപ്പെട്ട മന്ത്രി പരപ്പനങ്ങാടിയിലെ തർക്കത്തിനു കാരണം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന് പറഞ്ഞു. അതുകൊണ്ടാണ് ഈ 18 ഗോഡൗണുകൾ തുടങ്ങാതിരിക്കാൻ കാരണമെന്ന് ആദ്യം പറഞ്ഞു. പിന്നീട് മന്ത്രി പറഞ്ഞു സാങ്കേതിക കാരണമാണെന്ന്. ഈ ഗോഡൗൺ തല്ക്കാലം നിർത്തി വയ്ക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും വിവരം കേന്ദ്ര ഗവൺമെന്റ് അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച കടലാസുകൾ മേശപ്പുറത്തു വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട രാഘവൻ പറഞ്ഞത് ശരിയല്ല. ഞാൻ രണ്ട് കാര്യങ്ങൾ പറഞ്ഞു. അവർ നിറുത്തിവയ്ക്കാൻ തീരുമാനിക്കുന്നതിനു മുമ്പായി ഈ പ്രക്ഷോഭവുമായി ബന്ധപ്പെട്ടവർ കേന്ദ്രമന്ത്രിയെ സമീപിക്കുകും നിവേദനം കൊടുക്കുകയും ചെയ്തിരുന്നു. പക്ഷേ അതിന്റെ പേരിലല്ല, ഒരു പേരും പറയാതെയാണ് ഇപ്പോൾ കേന്ദ്രഗവൺമെന്റ് എഫ്. സി. ഐ. യെ അറിയിച്ചിട്ടുള്ളത് എല്ലാ അക്വിസിഷൻ നടപടികളും നിറുത്തിയെന്നുമാത്രമാണ്. അതിനുശേഷം കഴിഞ്ഞ ആഴ്ച ഞാൻ ഡൽഹിയിൽ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനത്തിനു പോയപ്പോൾ മന്ത്രിയെക്കണ്ട് സംസാരിക്കുകയും ഇങ്ങനെ നിറുത്തി വയ്ക്കുന്നത് ശരിയല്ലായെന്നും പറഞ്ഞു. നേരത്തെ പണിയാരംഭിച്ചത് വീണ്ടും തുടങ്ങാൻ കഴിയുമോയെന്ന് നോക്കട്ടെയെന്നു പറഞ്ഞു. ഇതാണ് സ്ഥിതി.

ശ്രീ. എം. വി. രാഘവൻ : ഏത് മറുപടിയാണ് എടുക്കേണ്ടത്? മാർക്സിസ്റ്റു പാർട്ടിക്കാരുടെ പ്രക്ഷോഭംകൊണ്ടു നിറുത്തിയതാണോ, അതല്ലാ സാങ്കേതികമായ കാര്യമാണോയെന്നതിനെ സംബന്ധിച്ച് മറുപടി പറയണം.

ശ്രീ. യു. എ. ബീരാൻ : അവർ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കേരളത്തിലെ സീനിയർ റീജിയണൽ മാനേജരെ അറിയിച്ചിട്ടുള്ളതാണ്. അതുപോലെ സ്റ്റേറ്റ് ഗവൺമെന്റിനെയും അറിയിച്ചിട്ടുണ്ട്. കാരണങ്ങൾ ഒന്നും പറഞ്ഞിട്ടില്ല. അക്വിസിഷൻ നടപടികൾ മുഴുവനും നിറുത്തിവയ്ക്കുകയാണെന്നാണ് അറിയിച്ചത്. മിസ്റ്റർ രാഘവനെ അറിയിക്കാൻ വേണ്ടി ആ വാചകം തന്നെ ഞാനിവിടെ വായിക്കാം. State Government are aware that all recently started land acquisition proposals for construction of 6.95 m. t. buffer storage godown in Kerala have since been shelved on the basis of the direction received from the Centre and communicated by F. C. I. head quarters.

.....(ബഹളം) .....

ശ്രീ. എം. വി. രാഘവൻ : മാർക്സിസ്റ്റുകാരുടെ പ്രക്ഷോഭണം കൊണ്ടാണ് പണി നിറുത്തിവച്ചതെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടില്ല. മന്ത്രി ഇവിടെ ആദ്യം പറഞ്ഞത്, മാർക്സിസ്റ്റുകാരുടെ പ്രക്ഷോഭണംകൊണ്ടാണെന്നാണ്. ഞങ്ങൾ ഗോഡൗൺ വേണ്ടായെന്നല്ല പറഞ്ഞത്. പരപ്പനങ്ങാടിയിൽ ആൾപ്പാർപ്പുള്ള സ്ഥലത്ത് മന്ത്രിക്ക് വിരോധമുള്ളവരായ ഒരു വിഭാഗം ജനങ്ങളെ ഒഴിപ്പിക്കാൻ ശ്രമിച്ചപ്പോൾ ആൾപ്പാർപ്പില്ലാത്ത മറ്റൊരു സ്ഥലം ചൂണ്ടിക്കാണിക്കുകയാണ് ചെയ്തത്. എന്നിട്ട് കോൺഗ്രസ്സ് (ഐ) ഉൾപ്പെടെയുള്ള എല്ലാ പാർട്ടികളും (യൂണിയൻലീഗ് ഒഴികെ) പ്രക്ഷോഭണത്തിൽ ഉണ്ടായിരുന്നു. അതിന് മാർക്സിസ്റ്റു പാർട്ടിയുടെ പേരിൽ അപവാദം പറയുന്നോ?

മിസ്റ്റർ സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിപ്രായം പറയാം.

ശ്രീ. ഇ. കെ. നായനാർ : മന്ത്രി എങ്ങനെയാണ് പറയുന്നത്? മന്ത്രി പറയാൻ പാടില്ല. ഒരു മെമ്പർ പറഞ്ഞുകൊള്ളട്ടെ.

മിസ്റ്റർ സ്പീക്കർ : അത് മന്ത്രിയെ ആശ്രയിച്ചിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : മന്ത്രി എങ്ങനെയാണ് കൺക്ലൂഷൻ വരുത്തുക? അതിന് സ്പീക്കർ പറയേണ്ടേ?

മിസ്റ്റർ സ്പീക്കർ : ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. ഇ. കെ. നായനാർ : ആതിവിടെ നോട്ടിൽ ഉണ്ടാകില്ലേ? ***..... (ബഹളം)...ഉത്തരവാദിത്വമുള്ള ഒരു പാർട്ടിയെക്കുറിച്ചാണ് പറഞ്ഞത്. റിക്കോർഡ് വായിച്ചതിൽ വേറെയല്ലേ? ഒരു പാർട്ടിയാണിതിനുത്തരവാദിയെന്ന് ഒരു മന്ത്രിക്ക് പറയാമോ?

ശ്രീ. എ. സി. ഷൺമുഖദാസ് : ഗോഡൗൺ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ നയം സംസ്ഥാനഗവൺമെന്റിന് അറിഞ്ഞുകൂടായെന്നും അതുകൊണ്ട് ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ ഡൽഹിയിൽ പോയി അതിനെക്കുറിച്ച് അന്വേഷിക്കണമെന്നും മന്ത്രി പറഞ്ഞു. ഈ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം അവിടെ മാനിക്കാറില്ലെന്നും സംസ്ഥാന ഭക്ഷ്യവകുപ്പുമന്ത്രിക്ക് അവിടെ ഒരു വിലയുമില്ലെന്നും അറിയാം. ഗോഡൗണുകൾക്ക് സ്ഥലം നിശ്ചയിക്കുമ്പോൾ എഫ്. സി. ഐ. ഉദ്യോഗസ്ഥന്മാർ ഒഴിഞ്ഞ പ്രദേശങ്ങൾ ഉണ്ടായിട്ടും രണ്ട് അമ്പലങ്ങളും ഒരു ക്രിസ്ത്യൻപള്ളിയും പത്തു മുന്നൂറ് കുടുംബങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു സ്ഥലം ലീഗ് നേതാവിന്റെ സ്ഥലം ഒഴിവാക്കി-ചൂണ്ടിക്കാണിച്ചു. ഇതിനെ സംബന്ധിച്ച് അകിസിഷൻ നടപടികൾ ഈ സംസ്ഥാനഗവൺമെന്റ് പരിശോധിക്കാറുണ്ടോ? അങ്ങനെ പരിശോധിച്ച് തീരുമാനമെടുക്കാനുള്ള അധികാരം ഈ സംസ്ഥാന ഗവൺമെന്റിനുണ്ടോ? അതല്ല കേന്ദ്രഗവൺമെന്റ് ചൂണ്ടിക്കാണിക്കുന്ന ഈ അമ്പലവും പള്ളിയുമൊക്കെയുള്ള സ്ഥലംതന്നെ അക്വയർ ചെയ്യണമെന്ന് നിർബന്ധിച്ചാൽ നിങ്ങൾ അതിന് വഴങ്ങാൻ തയ്യാറുണ്ടോ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട ഷൺമുഖദാസ് പറഞ്ഞത് ശരിയല്ല. സംസ്ഥാനഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റ് യാതൊരുവിധത്തിലുള്ള പരിഗണനയും കൊടുക്കുന്നില്ലായെന്നും ഇവിടത്തെ ഭക്ഷ്യവകുപ്പുമന്ത്രിയെ തീരെ പരിഗണിക്കുന്നില്ലായെന്നുമൊക്കെ അദ്ദേഹം പറഞ്ഞത് ശരിയല്ല. കഴിഞ്ഞ ആഴ്ചപോലും ഭക്ഷ്യവകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഞാൻ സംബന്ധിക്കുകയും എന്റെ അഭിപ്രായങ്ങൾ അവിടെ സ്വീകരിക്കപ്പെടുകയും ചെയ്തതാണ്. ഇതാണ് വസ്തുത. പിന്നെ ശ്രീ. പി. വി. കുഞ്ഞിക്കണ്ണനോട് അന്വേഷിക്കാൻ ഡൽഹിയിൽ

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പോകാനല്ല പറഞ്ഞത്. ശ്രീ. ഷൺമുഖദാസിനറിയാം. സംസ്ഥാനഗവൺമെന്റും കേന്ദ്രഗവൺമെന്റും തമ്മിൽ വ്യത്യാസമുണ്ട്. അവിടത്തെ വിവരങ്ങൾ അറിയണമെന്നുണ്ടെങ്കിൽ പാർലമെന്റംഗമായ ശ്രീ. സുരേഷ് കുറുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കണം. ഇവിടത്തെ കാര്യമാണെങ്കിൽ എന്നോട് ചോദിക്കണം. ഗോഡൗണിനുവേണ്ടിയുള്ള സ്ഥലം നിർണ്ണയിക്കുന്നത് എഫ്. സി. ഐ. യിലെ ഉദ്യോഗസ്ഥന്മാരാണ്. അവർക്ക് എഞ്ചിനീയർമാർ ഉണ്ട്, സാങ്കേതികവിദഗ്ധന്മാരുണ്ട്. അവർ ആണ് സ്ഥലം നിർണ്ണയിക്കുന്നത്. സംസ്ഥാനഗവൺമെന്റിന്റെ റവന്യൂവകുപ്പ് ഇന്ന സ്ഥലം അവർക്ക് അക്വയർ ചെയ്തു കൊടുക്കണമെന്ന് പറയുകയും സംസ്ഥാനഗവൺമെന്റ് എടുത്തു കൊടുക്കുകയും ചെയ്യുന്നു. ഇതാണ് അതിന്റെ നടപടിക്രമം.

<u>ശ്രീ. എ. സി. ഷൺമുഖദാസ്</u> : സർ, ഇതൊരു ജില്ലയിലെ സാമുദായിക ഐക്യത്തെ തകർക്കുന്ന പ്രശ്നമാണ്. അമ്പലവും ക്രിസ്ത്യൻ പള്ളിയുമുള്ള സ്ഥലം ചൂണ്ടിക്കാണിക്കുകയും ലീഗ് നേതാവിന്റെ സ്ഥലം ഒഴിവാക്കികൊടുക്കുകയും ചെയ്താൽ, എഫ്. സി. ഐ. ഉദ്യോഗസ്ഥന്മാർ തെറ്റ് ചെയ്താൽ സംസ്ഥാന ഗവൺമെന്റ് ഇതിൽ ഒരു നിലപാടും എടുക്കില്ലേ?

<u>ശ്രീ. യു. എ. ബീരാൻ</u> : സംസ്ഥാന ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ ഇടപെടുകയും ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യും.

<u>ശ്രീ. ഇ. കെ. നയനാർ</u> : ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സത്യവിരുദ്ധമായി പറഞ്ഞതിനെ ഞാൻ സംശയിക്കുകയാണ്. കാരണം എന്റെ കയ്യിൽ റെക്കോർഡ് ഉണ്ട്. മാർക്സിസ്റ്റു പാർട്ടിയുടെ, പേരിൽ കരുതിക്കൂട്ടി ആരോപണങ്ങൾ കൊണ്ടുവന്നു. അതുപോലെതന്നെ പരപ്പനങ്ങാടി പ്രശ്നവും കരുതിക്കൂട്ടി കുത്തിപ്പൊക്കിയതാണ്. ഇവിടത്തെ റീജിയണൽ മാനേജർക്ക് അയച്ച കത്തിൽ അതിന്റെ കാരണങ്ങളൊക്കെ പറഞ്ഞിട്ടുണ്ട്. ഇല്ലെന്നാണ് ഇവിടെ മന്ത്രി പറഞ്ഞത്. ഇവിടത്തെ റീജിയണൽ മാനേജർ പുരുഷോത്തമനാണ്. സെൻട്രൽ ഗവൺമെന്റ് അയച്ചിട്ടുള്ള കുറിപ്പിൽ പറഞ്ഞിട്ടുണ്ട്.....അതിന്റെ ഉത്തരവാദിത്വം എടുക്കേണ്ടത് ഇവിടുത്തെ ഗവൺമെന്റാണ് എന്നാണെന്റെ ചാർജ്ജ് ഷീറ്റ്. കാരണം സെൻട്രൽ ഗവൺമെന്റിന്റെ കത്തിൽ കൊടുത്തിട്ടുള്ളത് എന്താണെന്നു പറഞ്ഞാൽ, The existing capacity in Kerala including the capacity already under construction would be more than adequate. ഇന്ന് 695 ലക്ഷം ടണ്ണിനെക്കാൾ അധികം കപ്പാസിറ്റിയുള്ള ഗോഡൗണുകൾ ഉണ്ടെന്ന് ഇവിടത്തെ മിനിസ്ട്രി അവിടെ അറിയിച്ചിട്ടുണ്ട്. ഒന്നും അറിയില്ലായെന്ന് വെറുതെ പറയുകയാണ്. സെൻട്രൽ ഗവൺമെന്റിന്റെ കത്തിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കോപ്പി ചെയ്തതാണ്. സെൻട്രൽ ഗവൺമെന്റിന്റെ സിഗ്നേച്ചറോടുകൂടി കിട്ടിയ ലെറ്ററാണിത്. അതിൽ പറയുന്ന 'അഡിക്വാറ്റ്' അതായത്, ഇവിടെ ധാരാളമുണ്ടെന്നാണ്. ഇവിടെ കെട്ടിടത്തിന്റെ ആവശ്യമില്ലെന്നാണ്. ഈ തെറ്റായ ഇൻഫർമേഷൻ ഇവിടെ നിന്ന് കൊടുത്തിട്ട് ഇവിടെ പത്തൊൻപത് ഗോഡൗണുകൾ ഇല്ലാതാക്കിയതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ മന്ത്രി തയ്യാറാകണം.

<u>ശ്രീ. യു. എ. ബീരാൻ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ സംഗതി ഞാൻ തന്നെ വിശദീകരിച്ചു. എഫ്. സി. ഐ.-യുടെ ഇപ്പോഴത്തെ പരിപാടിയനുസരിച്ച് കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രി, കേന്ദ്ര ഭക്ഷ്യ വകുപ്പ് സെക്രട്ടറി, എഫ്. സി. ഐ. ചെയർമാൻ, എഫ്. സി. ഐ. മാനേജിംഗ് ഡയറക്ടർ എന്നിവരുമായി സംസാരിച്ച് അവർ പറയുന്നത്, ഇന്ത്യയൊട്ടാകെയുള്ള എല്ലാ സംസ്ഥാനങ്ങളിലും രണ്ട് മാസത്തെ മിനിമം സ്റ്റോക്കിനുള്ള പരിപാടി ഞങ്ങൾ ആദ്യം ഉണ്ടാക്കുകയാണെന്നാണ്. ആ മിനിമം പരിപാടിയില്ലാതെ തന്നെയുള്ള ധാരാളം സംസ്ഥാനങ്ങൾ പ്രത്യേകിച്ച് നോർത്ത് ഈസ്റ്റേൺ റീജയണിലും മറ്റും ഉണ്ട്. അതുകൊണ്ട് അവിടെയാണ് മുൻഗണന കൊടുക്കുന്നത്. അത് കഴിഞ്ഞിട്ട് കേരളത്തിന്റെ കാര്യമെടുക്കുമെന്നാണ് പറഞ്ഞത്. കേരളത്തിൽ ഇപ്പോൾ നാലേമുക്കാൽ ലക്ഷം ടൺ വരെ സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യമുണ്ട്. അതുകഴിഞ്ഞതിനുശേഷം ചെയ്യാമെന്നും പറഞ്ഞു. എന്നാൽ ഇതുപോരാ, നാലേമുക്കാൽലക്ഷം ടൺ അരിയും ഗോതമ്പും രണ്ട് മാസത്തേക്കുള്ളത് സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യം മതിയാകില്ലായെന്നും അതുകൊണ്ട് ഞങ്ങളുടെ ഈ പരിപാടിയനുസരിച്ച് വർദ്ധിപ്പിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയും എഴുതുകയും ചെയ്തിട്ടുണ്ട്. പിന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരപ്പനങ്ങാടി ഇഷ്യൂവിനെക്കുറിച്ച് പറഞ്ഞതിൽ എനിക്ക് യാതൊരു തരത്തിലുള്ള ബന്ധവുമില്ല. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർട്ടിക്കാരും മറ്റു ചില പാർട്ടിക്കാരും കൂടി ഉണ്ടാക്കിയതാണ്. അതു കൊണ്ടാണ് ഇതൊക്കെ വന്നിട്ടുള്ളത്.

<u>ശ്രീ. ഇ. കെ. നായനാർ</u> : ആ മറുപടി ശരിയല്ല. സെൻട്രൽ ഗവൺമെന്റിന്റെ ലെറ്റർ എന്താണെന്നു പറഞ്ഞാൽ, The ministry has intimated us that according to records, the existing capacity in Kerala including the capacity already under construction would be more than adequate. അതാണ് കാരണം. മറ്റൊരു കാരണവുമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇത് കരുതിക്കൂട്ടി പറഞ്ഞതാണ്.

<u>ശ്രീ. ടി. കെ. ഹംസ</u> : പരപ്പനങ്ങാടിയിലെ ഗോഡൗണും ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടില്ലാതെ മാറ്റണമെന്ന് ആവശ്യപ്പെട്ട ആ സമിതിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആൾക്കാരും ഉൾപ്പെട്ടിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ? ഇത് മാറ്റണമെന്ന് പറഞ്ഞ് കേന്ദ്രത്തിൽ നിവേദനം നടത്തിയതിൽ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഏതെങ്കിലും എം. പി. മാർ ഉണ്ടായിരുന്നോ? സ്ഥലം അക്വയർ ചെയ്യുന്നതിന്റെ പ്രശ്നത്തിലാണോ 19 ഗോഡൗണുകളും മാറ്റിയത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : പരപ്പനങ്ങാടി ഗോഡൗൺ നിർണ്ണയത്തിനുള്ള ലാന്റ് അക്വിസിഷന് എതിരായി പ്രവർത്തനം നടത്തിയ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ആളുകളുടെ കൂട്ടത്തിൽ ഏതാനും കോൺഗ്രസ്സുകാരും ഉണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്.....(ബഹളം).....പക്ഷേ അവിടെ ബുദ്ധിമുട്ടൊന്നുമില്ലാത്ത രീതിയിൽ അക്വിസിഷൻ നടപടികൾ നടത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

റേഷൻ മൊത്തവിതരണം

*111 [153] ശ്രീ. ഇ. പത്മനാഭൻ :
" ടി. കെ. ഹംസ :
" എ. കെ. പത്മനാഭൻ :
" സി. ടി. കൃഷ്ണൻ :

ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മൊത്തവിതരണ രംഗത്തുനിന്ന് ഫുഡ് കോർപ്പറേഷനെ പൂർണ്ണമായും ഒഴിവാക്കുവാൻ സർക്കാർ നടപടികളാരംഭിച്ചിട്ടുണ്ടോ;

(ബി) 1983-84 മുതൽ 1985 ജൂലായ് വരെ എത്ര മൊത്തവിതരണ ലൈസൻസ് സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്;

(സി) മൊത്തവിതരണ കച്ചവടക്കാർക്ക് അനുവദിക്കുന്ന ലാഭനിരക്ക് എത്ര; ചെലവെത്ര?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) എഫ്. സി. ഐ. കഴിഞ്ഞ കുറെ വർഷങ്ങളായി നിർബ്ബന്ധമായി ആവശ്യപ്പെട്ടതനുസരിച്ച് ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആറ് എണ്ണം.

(സി) ഫുഡ് കോർപ്പറേഷൻ ഡിപ്പോയിൽനിന്നും ഹോൾസെയിൽ ഡിപ്പോയിലേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലാണ് ലാഭവിഹിതം നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് 16 കിലോ മീറ്റർവരെ ദൂരത്തിൽ പ്രവർത്തിക്കുന്ന ഹോൾസെയിൽ ഡിപ്പോക്ക് ക്വിന്റലിന് 5 രൂപ 25 പൈസയും 28 കിലോ മീറ്റർവരെയുള്ള ഡിപ്പോകൾക്ക് 5 രൂപ 94 പൈസയും 40 കിലോമീറ്റർ വരെയുള്ള ഡിപ്പോകൾക്ക് 6 രൂപ 23 പൈസയും 64 കി. മീ. വരെയുള്ള ഡിപ്പോക്ക് 7 രൂപ 27 പൈസയും കൂടാതെ 64 കിലോ മീറ്ററിൽ കൂടുതലുള്ള ദൂരത്തിന് കിലോമീറ്ററിന് 4 പൈസ എന്ന നിരക്കിലും ലാഭവിഹിതം അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വ്യാപാരികൾക്കുണ്ടാകുന്ന ചെലവ് അവരാണ് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly